പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5264 — 27.07.2015 -ൽ മറുപടിക്ക്.

## പാചകവാതക വിതരണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. സി. ദിവാകരൻ** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പാചകവാതകം ബുക്ക് ചെയ്ത് രണ്ടുമാസം കഴിഞ്ഞിട്ടും ഉപഭോക്താക്കൾക്ക് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പാചകവാതക വിതരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ? | (എ) പാചക വാതക വിതരണം, ഫില്ലിംഗ് എന്നീ മേഖലകളിൽ ഉണ്ടാകുന്ന തൊഴിലാളി സമരം കാരണം പാചക വാതക വിതരണത്തിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി സർക്കാർ ഇടപെടുകയും ഗ്യാസ് സിലിണ്ടറുകളുടെ വിതരണം സാധാരണ നിലയിലാക്കുവാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. പാചകവാതക വിതരണവും നീക്കവും പാചകവാതക ഫില്ലിംഗും അനുബന്ധ പ്രവർത്തനങ്ങളും അവശ്യസർവ്വീസായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ സഹിതം വിശദമായ ശുപാർശകൾ സമർപ്പിക്കുവാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എണ്ണക്കമ്പനി അധികൃതരും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരും ഏജൻസികളിൽ പരിശോധന നടത്തി പാചക വാതക വിതരണം സുഗമമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ